# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

റഗുലേഷൻ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതിനാൽ പഠനം മുടങ്ങിയ ബി.ടെക് (2010 റഗുലേഷൻ), എം.ടെക് (2013 റഗുലേഷൻ) വിദ്യാർത്ഥികൾക്ക്-അർഹതയുള്ള സെമസ്റ്ററിലേക്ക്-അന്തർ സർവ്വകലാശാല മാറ്റം വഴി എ.പി.ജെ.എ.കെ സാങ്കേതിക സർവ്വകലാശാലയിലേക്ക് പ്രവേശനം-പരാജയപ്പെട്ട ഉയർന്ന സെമസ്റ്റർ പരീക്ഷാ രജിസ്ട്രേഷനുകൾ റദ്ദാക്കൽ-നിരാക്ഷേപ സാക്ഷ്യപത്രം നൽകൽ- എന്നിവ അംഗീകരിച്ചു-ഉത്തരവാകുന്നു.

---

### അക്കാദമിക് എ4 സെക്ഷൻ

സ.ഉ.നം. 692/എ4/1/2018/അക്കാദമിക് — തീയതി, പിഡി ഹിൽസ്, 02/02/2018

സൂചന: 1. 3, 4 സെമസ്റ്റർ ബി.ടെക് പരീക്ഷാ രജിസ്ട്രേഷനുകൾ റദ്ദാക്കി നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിനു വേണ്ടി ശ്രീ. അഭിജിത്ത് ജെ 22.07.2017-ാം തീയതി സമർപ്പിച്ച അപേക്ഷ.

2. സ.ഉ.നം. 4901/A IV/1/ Acad/2016 തീയതി 31.08.2016
3. WP(c) നം. 26929/2017-ൻ മേലുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 14.08.2017-ാം തീയതിയിലെ ഉത്തരവ്.
4. എ.പി.ജെ.എ.കെ സാങ്കേതിക സർവ്വകലാശാലയിൽ ബി.ടെക് 3-ാം സെമസ്റ്റർ മുതൽ അന്തർ സർവ്വകലാശാല മാറ്റം വഴി പഠനം തുടരുന്നതിനു വേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനു വേണ്ടി നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യപ്പെട്ട് 24.10.2017-ാം തീയതി ശ്രീ. അഭിജിത്ത് ജെ സമർപ്പിച്ച അപേക്ഷ.
5. നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ച് 20.11.2017-ലെ മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാൻഡിംഗ് കോൺസലിന്റെ അഭിപ്രായം
6. 20.01.2018-ലെ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗ നടപടിക്കുറിപ്പ് ഇനം നം. ഒ.എ.25

## ഉത്തരവ്

മേൽ പരാമർശിച്ച ഒന്നാം പേപ്പർ പ്രകാരം കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ 5-ാം സെമസ്റ്റർ ബി.ടെക് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ശ്രീ. അഭിജിത്ത് ജെ തന്റെ 3 ഉം 4 ഉം സെമസ്റ്റർ പരീക്ഷ രജിസ്ട്രേഷനുകൾ റദ്ദ് ചെയ്യുവാൻ അപേക്ഷ നൽകി. ഹാജർകുറവ് മൂലം 5-ാം സെമസ്റ്റർ എ.പി.ജെ.എ.കെ സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ പ്രവേശനം നേടി പഠനം തുടരേണ്ട ടി വിദ്യാർത്ഥി, താഴ്ന്ന സെമസ്റ്ററുകൾ എല്ലാം വിജയകരമായി പൂർത്തീകരിക്കാത്ത കാരണത്താൽ മേൽ പരാമർശിച്ച സൂചന (2) പ്രകാരം അന്തർ സർവ്വകലാശാല മാറ്റംവഴി 5-ാം സെമസ്റ്ററിൽ പുന:പ്രവേശനത്തിന് അർഹത നേടുന്നതിൽ പരാജയപ്പെട്ടു. അതിനാൽ ടി വിദ്യാർത്ഥി മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ വിജയകരമായി പൂർത്തിയാക്കിയ 1 ഉം 2 ഉം സെമസ്റ്റർ പരീക്ഷ രജിസ്ട്രേഷൻ നിലനിർത്തി പരാജയപ്പെട്ട 3 ഉം 4 ഉം സെമസ്റ്ററുകൾ റദ്ദ് ചെയ്യാൻ അപേക്ഷ നൽകി. എന്നാൽ മഹാത്മാഗാന്ധി സർവ്വകലാശാല പരീക്ഷാ മാനുവൽ, റഗുലേഷൻസ് എന്നിവ പ്രകാരം ഇത്തരത്തിൽ ആവശ്യമുള്ള രജിസ്ട്രേഷനുകൾ മാത്രം നിലനിർത്തി മറ്റുള്ളവ റദ്ദ് ചെയ്ത് മറ്റൊരു സർവ്വകലാശാലയിൽ പഠനം തുടരുന്നതിന് വ്യവസ്ഥയില്ല. അതിനാൽ ടി വിദ്യാർത്ഥി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും മേൽ പരാമർശിച്ച മൂന്നാം പേപ്പർ പ്രകാരം ഹർജിക്കാരനെ മൂന്നാം സെമസ്റ്റർ മുതൽ എ.പി.ജെ.എ.കെ സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ മാതൃകലാലയത്തിൽ തന്നെ പഠനം തുടരുവാൻ അനുവദിച്ചുകൊണ്ട് കോടതി ഉത്തരവാകുകയും ചെയ്തു.

സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ മൂന്നാം സെമസ്റ്റർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുവാനായി മേൽ സൂചന (4) പ്രകാരം ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൻമേൽ സർവ്വകലാശാല സ്റ്റാൻഡിംഗ് കോൺസലിന്റെ ഉപദേശം തേടുകയും മേൽ പരാമർശിച്ച സൂചന (5) പ്രകാരം ടിയാന് നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതാണ് ഉചിതമെന്ന് സ്റ്റാൻഡിംഗ് കോൺസൽ അഭിപ്രായപ്പെടുകയും ചെയ്തു. ഇക്കാര്യം പരിശോധിച്ച 20.01.2018 ലെ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം മുകളിൽ പരാമർശിച്ച സൂചന (6) പ്രകാരം താഴെപ്പറയുന്ന ശുപാർശ നൽകി.

''റഗുലേഷൻ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതിനാൽ പഠനം മുടങ്ങിപ്പോയ ബി.ടെക് (2010 റഗുലേഷൻ), എം.ടെക് (2013 റഗുലേഷൻ) വിദ്യാർത്ഥികൾക്ക് നിർദ്ദിഷ്ട കെ.ടി.യു മാനദണ്ഡങ്ങൾ അനുസരിച്ച് ബി.ടെക്/എം.ടെക് സെമസ്റ്റർ പ്രമോഷനുള്ള എം.ജി സർവ്വകലാശാല യോഗ്യതാ മാനദണ്ഡങ്ങൾ വിജയകരമായി പൂർത്തിയാക്കിയ ശേഷം അർഹതയുള്ള സെമസ്റ്ററിലേക്ക് പ്രവേശനം നൽകുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകുവാൻ ശുപാർശ ചെയ്യുന്നു. ഇപ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്ന വിദ്യാർത്ഥികളുടെ വിജയകരമായി പൂർത്തിയാക്കാത്ത ഉയർന്ന സെമസ്റ്ററുകളുടെ പരീക്ഷാ രജിസ്ട്രേഷൻ ഏതെങ്കിലും ഉണ്ടെങ്കിൽ അവ റദ്ദാക്കപ്പെടുന്നതാണ്.''

വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് വൈസ് ചാൻസിലർ 1985 ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം 3 10(17) വകുപ്പ് പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് മേൽ ശുപാർശ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീരാജ് ആർ
അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ/പ്രോ വൈസ് ചാൻസലറുടെ പി. എസ് മാർ
2. രജിസ്ട്രാർ/പരീക്ഷാകൺട്രോളറുടെ പി എ മാർ
3. ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി
4. എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്/പരീക്ഷാവിഭാഗം)
5. ബി.ടെക് സെക്ഷനുകൾ
6. സിടെക്സ്/എസി.സി I/II/എസി.എ I/ലീഗൽ സെക്ഷനുകൾ
7. പി.ആർ.ഒ/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
8. ബന്ധപ്പെട്ട വ്യക്തികൾ
9. സ്റ്റാൻഡിംഗ് കൗൺസിൽ, ലീഗൽ സെക്ഷൻ വഴി
10. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എ4/1/ WP(c) No.26929/2017